മാതൃഭൂമി

04 February 2026

തിമിംഗിലത്തിന്റെ അസ്ഥികൂടം, ആണായി മാറുന്ന പെൺമീൻ

കടൽ കാഴ്ചകളുമായി സിഎംഎഫ്ആർഐ പ്രദർശനം

കെ. ഉണ്ണികൃഷ്ണൻ

കൊച്ചി ▸ കോഴിക്കോട് വെള്ളയിൽ കടപ്പുറത്ത് 35 ടണ്ണോളം ഭാരമുള്ള കൂറ്റൻ തിമിംഗിലം ഒരു നാൾ ചത്തടിഞ്ഞു. ഒരുവർഷത്തിനുശേഷം അതിന്റെ അസ്ഥികൂടം പ്രദർശനശാലയിൽ എത്തിയപ്പോൾ അദ്ഭുതംനിറഞ്ഞ കണ്ണുകളുമായി ജനം എത്തി. ഇതുൾപ്പെടെ ആഴക്കടൽ കാഴ്ചകളുടെ വിസ്മയലോകമാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ ചൊവ്വാഴ്ച ഒരുക്കിയത്. സിഎംഎഫ്ആർഐയുടെ 79-ാം സ്ഥാപകദിനാഘോഷത്തിന്റെ ഭാഗമായിട്ടായിരുന്നു പ്രദർശനം.

ജീവിതത്തിന്റെ ഒരുഘട്ടത്തിൽ ആണായി മാറുന്ന പെൺമത്സ്യമാണ് ചക്രവർത്തിമത്സ്യം എന്ന ബംപ് ഹെഡ് റാസ്. ഇവ പവിഴപ്പുറ്റുകൾക്കടുത്താണ് കഴിയുന്നത്. കടിയേറ്റാലും വേദന അറിയാത്ത സൺഫിഷ് അറിയപ്പെടുന്നത് മത്സ്യങ്ങളിലെ മെല്ലേപ്പോക്കുകാരൻ എന്നാണ്. ഇത്തരത്തിൽ ഒട്ടേറെ മത്സ്യങ്ങൾ ഏകദിന പ്രദർശനത്തിൽ ഉണ്ടായിരുന്നു. ഓർ ഫിഷ്, ഭീമൻ കക്ക, തിമിംഗിലസ്രാവ് തുടങ്ങി അപൂർവമായ ഒട്ടേറെ കടൽ ജീവികളുടെ ശേഖരം സന്ദർശകർക്ക് പുത്തൻ അനുഭവമായി.

സിഎംഎഫ്ആർഐയുടെ മറൈൻ മെഗാഫോണ മ്യൂസിയത്തിലെ ബ്ലൈഡ്സ് തിമിംഗിലത്തിന്റെ അസ്ഥികൂടം കാണുന്ന വിദ്യാർഥിനി

വിവിധ ഗവേഷണവിഭാഗങ്ങളുടെ കീഴിൽ സ്രാവുകൾ, തിരണ്ടികൾ, വിവിധയിനം മത്സ്യങ്ങൾ, ചെമ്മീൻ, കൊഞ്ച്, കണവ, മുത്തുച്ചിപ്പി എന്നിവയുടെ വിപുലമായ പ്രദർശനം ഒരുക്കിയിരുന്നു. മാരിക്കൾച്ചർ സാങ്കേതികവിദ്യകൾ, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടായിരുന്നു. കാർഷിക അനുബന്ധ മേഖലകളിലെ തൊഴിൽസാധ്യതകളെക്കുറിച്ച് ശില്പശാലയും നടന്നു.

സിഎംഎഫ്ആർഐ മ്യൂസിയത്തിലെ ചക്രവർത്തി മത്സ്യത്തെ കൗതുകത്തോടെ നോക്കുന്ന വിദ്യാർഥി

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജും മറ്റ് ശാസ്ത്രജ്ഞരും വിദ്യാർഥികളുമായി സംവദിച്ചു. വിവിധ ലബോറട്ടികൾ, ഹാച്ചറികൾ, ലൈബ്രറി, പട്ടാളപ്പുഴു ഉപയോഗിച്ചുള്ള മാലിന്യസംസ്കരണ യൂണിറ്റ് എന്നിവയും ജനങ്ങൾക്ക് കാണാൻ തുറന്നുകൊടുത്തിരുന്നു.

നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യനോഗ്രഫിക് ലബോറട്ടി ഡയറക്ടർ ഡോ. ദുവ്വൂരി ശേഷാഗിരി ഓപ്പൺ ഹൗസ് പ്രദർശനം ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. പ്രദർശനം തീർന്നെങ്കിലും മ്യൂസിയം കാണാൻ ജനങ്ങൾക്ക് അവസരമുണ്ട്. ഫോൺ: 0484-2394357.